ഉത്തരം

(എ) തിരുവനന്തപുരം നഗരാതിർത്തിയിലെ ആഫീസുകളിൽ ഉണ്ടാകുന്ന പാർട്ട്ടൈം ഒഴിവുകൾ തിരുവനന്തപുരം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉണ്ടാകുന്ന പാർട്ട്ടൈം ഒഴിവുകളും തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആഫീസുകളിൽ ഉണ്ടാകുന്ന താൽക്കാലികവും സ്ഥിരവുമായ എല്ലാ ഒഴിവുകളും തിരുവനന്തപുരം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കാറുണ്ട്. മറ്റു ആഫീസുകളിലെ പാർട്ട്ടൈം ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യുന്ന കാര്യം പരിശോധിച്ചുവരുന്നു.

'ഒഡപെക്'-ൽ പേർ രജിസ്റ്റർ ചെയ്തവർ

89 [3494] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

വിവിധ കാറ്റഗറിയിൽപ്പെട്ട എത്ര പേരാണ് ഒഡപെക്-ൽ പേർ രജിസ്റ്റർ ചെയ്ത് തൊഴിലിനുവേണ്ടി കാത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിവിധ കാറ്റഗറിയിൽപ്പെട്ട 25306 പേരാണ് ഒഡപെക്-ൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളത്. കാറ്റഗറി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| കാറ്റഗറി | | എണ്ണം |
|---|---|---|
| ഡോക്ടർമാർ | .. | 2010 |
| സ്റ്റാഫ് നേഴ്സ് | .. | 5124 |
| പാരാമെഡിക്കൽ സ്റ്റാഫ് | .. | 3453 |
| എഞ്ചിനീയർമാർ | .. | 2642 |
| ടെക്നീഷ്യൻസ് | .. | 2072 |
| സ്കിൽഡ് വർക്കേഴ്സ് | .. | 4183 |
| കാറ്ററിംഗ് | .. | 365 |
| അഡ്മിനിസ്ട്രേഷൻ സ്റ്റാഫ് | .. | 2538 |
| ടീച്ചേഴ്സ് | .. | 203 |
| ലേബേഴ്സ് | .. | 1975 |
| ഡ്രൈവർമാർ | .. | 741 |
| ആകെ | .. | 25306 |

LIBRARY ARCHIVES Kerala Legislative Assembly